# പ്രശാന്തി പബ്ലിക് സ്കൂൾ

## കോന്നി

**അൺ എയ്ഡഡ് (സർക്കാർ അംഗീകൃതം)**

**കോന്നി പി.ഒ., 689691, പത്തനംതിട്ട ജില്ല**



# അക്കാദമിക് മാസ്റ്റർപ്ലാൻ

| | | |
|---|---|---|
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| ഉപജില്ല | : | കോന്നി |

# ആമുഖം

കോന്നിയുടെ വിദ്യാഭ്യാസ ഭൂപടത്തിൽ അനുദിനം മാറ്റങ്ങൾക്ക് വിധേയ മായി കൊണ്ടിരിക്കുന്ന ആധുനിക വിദ്യാഭ്യാസ സമ്പ്രദായം പിന്തുടരുന്ന വിദ്യാലയമാണ് പ്രശാന്തി പബ്ലിക് സ്കൂൾ. കോന്നി റിപ്പബ്ലിക്കൻ എഡ്യുക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2004 ൽ 54 കുട്ടി കളുമായി ആരം ഭിച്ചതാണ്. മലയോര നാടിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആധുനികതയുടെ മു ഖം സമ്മാനിക്കുക വഴി മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കാളികളാകുന്ന ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രഥമ ലക്ഷ്യം. വിദ്യാഭ്യാസ മേഖലകളിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുക വ ഴി 2015-2016 അധ്യയന വർഷത്തിൽ കേരള ഗവൺമെന്റിന്റെ അംഗീകാരവും ഈ സ് കൂളിനെ തേടിയെത്തി.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പ്രശാന്തി പബ്ലിക് സ്കൂൾ,<br>കോന്നി |
| ഗവ./എയ്ഡഡ് | : | അൺഎയ്ഡഡ് (ഗവ.അംഗീകൃതം) |
| വിലാസം | : | പ്രശാന്തി പബ്ലിക് സ്കൂൾ,<br>കോന്നി<br>Email - prasanthipspta@gmail.com |
| സ്കൂൾ കോഡ് | : | 38761 |
| താലൂക്ക് | : | കോന്നി |
| ബി.ആർ.സി. | : | കോന്നി |
| പഞ്ചായത്ത് | : | കോന്നി |
| ജില്ല | : | പത്തനംതിട്ട |
| അധ്യാപകർ | : | 9 |
| അനധ്യാപകർ | : | 3 |
| പി ടി എ അംഗങ്ങൾ | : | 15 |
| നിലവിലുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം | : | 5 |
| പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം | : | 5 |

# കാഴ്ചപ്പാട്

വിദ്യാർഥിയുടെ സമഗ്രമായ വ്യക്തിത്വ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെ മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നു. കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുന്ന നിലപാടുകളും സ്വീകരിക്കുന്നു. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും. കുട്ടികളുടെ അക്കാദമിക നേട്ടങ്ങൾ യഥാസമയം രക്ഷിതാക്കളിലെത്തിക്കും. സമഗ്ര വിദ്യാലയ ഗുണമേന്മയിലൂടെ പ്രതിഭകളെ തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. വിവര സാങ്കേതിക വിദ്യയുടെ സഹായത്താലുള്ള അദ്ധ്യായനം ഉറപ്പുവരുത്തുകയും കുട്ടികളിൽ അത് എത്തിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യും.

# പൊതുലക്ഷ്യങ്ങൾ

1. കുട്ടികൾ അതാതു ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
2. സർഗപരവും അക്കാദമികവും കായികവുമായ കഴിവുകളുടെ പ്രോത്സാഹനം.
3. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനങ്ങൾ.
4. എഴുത്തിനും വായനയ്ക്കുമുള്ള ശേഷിയുടെ വികാസം
5. മൂല്യബോധമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തിന്റെ രൂപീകരണം.
6. ശാരീരികവും, വൈകാരികവും, മാനസികവുമായി ആരോഗ്യമുള്ളവരാക്കുന്നതിന്
7. ജീവിതപ്രതിസന്ധികളെ നേരിടാൻ പ്രാപ്തരാക്കുക.
8. ഗണിത-ശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാനശേഷി ആർജിക്കുന്നതിന്.
9. പഠനം പരിസ്ഥിതിയോട് ചേർന്നുള്ളതാകുന്നു.
10. വിവര സാങ്കേതിക വിദ്യക്ക് കൂടുതൽ പ്രാധാന്യം.
11. സാമൂഹിക വിഭവങ്ങളുടെ പ്രയോജനപ്പെടുത്തലും രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കലും.

# പ്രതീക്ഷിത നേട്ടങ്ങൾ

1. കുട്ടികളിലെ മൂല്യബോധം വളരുന്നു.
2. സമൂഹികമായ ഇടപെടലുകൾക്ക് കുട്ടി പ്രാപ്തനാകുന്നു.
3. ജീവിത പ്രതിസന്ധികളെ നേരിടുന്നതിന് കരുത്താർജ്ജിക്കുന്നു.
4. നൂതന ബോധന രീതികളിൽ പ്രാവീണ്യം നേടുന്നു.
5. സർഗാത്മകതയുടെ വികാസം
6. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് എഴുതാനും വായിക്കാനും പ്രാപ്തിയുള്ളവരാക്കുക.
7. ശാസ്ത്ര - ഗണിത മേഖലകളിൽ അഭിരുചി വർദ്ധിക്കുന്നു.
8. കായികവും, ആരോഗ്യപരവും, ബൗദ്ധികവുമായ നേട്ടങ്ങൾ.
9. ലിംഗ സമത്വത്തെക്കുറിച്ചുള്ള അവബോധം രൂപപ്പെടുന്നു.
10. സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുന്നു.
11. മതനിരപേക്ഷ ജനാധിപത്യ സംസ്കാരം രൂപപ്പെടുന്നു.
12. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനും, പരിമിതികൾ മറികടക്കുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

# ഭൗതിക സാഹചര്യങ്ങൾ

പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കോന്നിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് 22 ആർ 873 സ്കയർ മീറ്റർ സ്ഥലത്ത് 2 കെട്ടിടങ്ങളിലായി സ്കൂൾ പ്രവർത്തിക്കുന്നു. സ്കൂളിൽ ഐ.റ്റി.ലാബും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രധാന മുറികളിലും ഫാനും ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധ ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് എല്ലാ ഇടങ്ങളിലും ടാപ്പുകളും നൽകിയിരിക്കുന്നു. സ്കൂൾ വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ആവശ്യത്തിന് ടോയിലറ്റുകളും യൂറിനലുകളും ഉണ്ട്.

# അക്കാദമിക് പ്രവർത്തനങ്ങൾ

പ്രവേശനോത്സവം, ദിനാചരണങ്ങൾ, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം, റിപ്പബ്ലിക് ദിനം എന്നിവയിൽ ശ്രദ്ധേയമായ പങ്കാളിത്തമുണ്ടായിരുന്നു. ജനപ്രതിനിധികൾ, പി.റ്റി.എ, എസ്.ആർ.ജി. എന്നിവരുടെ പങ്കാളിത്തവും ഉണ്ടായിട്ടുണ്ട്.

## നല്ലപാഠം യൂണിറ്റ്

മികച്ച വിദ്യാഭ്യാസത്തോടൊപ്പം സാമൂഹിക സേവന പ്രവർത്തനങ്ങൾക്കും കുട്ടികളെ സജ്ജരാക്കുക എന്ന ലക്ഷ്യവുമായി മലയാള മനോരമയുടെ നേതൃത്വത്തിലുള്ള നല്ല പാഠം യൂണിറ്റിന്റെ വിവിധ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നുവരുന്നു.

## ദിനാചരണങ്ങൾ

എല്ലാവർഷവും ലോക പരിസ്ഥിതി, വായനാദിനം, അധ്യാപക ദിനം, ബഷീർ ദിനം, ചാന്ദ്രദിനം, ടാഗോർ ദിനം, സ്വാതന്ത്ര്യ ദിനം ഇവ വിപുലമായ പരിപാടികളോടെ നടത്തിവരുന്നു. ദിനാചരണങ്ങളോട് അനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തിവരാറുണ്ട്.

## മേളകൾ

ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ പങ്കെടുത്ത് സബ് ജില്ലാ തലത്തിൽ എ ഗ്രേഡ് ലഭിച്ചിട്ടുണ്ട്. ഉപജില്ലാ കലോത്സവങ്ങളിലും ഇവിടുത്തെ കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്.

## മെഡിക്കൽ ചെക്ക് അപ്പ്

സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും കോന്നി താലൂക്ക് ആശുപത്രിയുടേയും സംയുക്താഭിമുഖ്യത്തിൽ മുഴുവൻ കുട്ടികൾക്കും സൗജന്യമായി മെഡിക്കൽ ചെക്ക് അപ്പ് സംഘടിപ്പിച്ചു വരുന്നു. ആരോഗ്യ പരിപാലനത്തിൽ കുട്ടികളും രക്ഷിതാക്കളും സ്വീകരിക്കേണ്ട മുൻ കരുതലുകളും നിർദ്ദേശങ്ങളും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നൽകി വരുന്നു.

## സ്പോർട്ട്സ്

പഠനത്തോടപ്പം കുട്ടികളുടെ കായിക ശേഷി കണ്ടെത്തി വികസിപ്പിക്കുവാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിനായി സകൂൾ തലത്തിൽ ആനുവൽ സ്പോർട്സ്, ഗെയിംസ് മത്സരങ്ങൾ സംഘടിപ്പികയും വിജയികൾക്ക് സമ്മാനങ്ങൾ നൽകയും ചെയ്യുന്നു.

# പ്രവർത്തനം വിശദാംശങ്ങൾ

**പ്രവർത്തനം 1 : നമ്മുടെ മലയാളം ഉപമേഖല : ഭാഷാപഠനം, മധ്യകാലം**

**ലക്ഷ്യം : മലയാളം എഴുതാനും വായിക്കാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| പ്രീ-ടെസ്റ്റ് വായന ലേഖനം ഇവയിൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. (അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ, അക്ഷരം കൂട്ടിച്ചേർത്ത് വായിക്കാൻ കഴിയാത്തവർ) | ജൂൺ ആദ്യ ആഴ്ച | എച്ച്.എം., മലയാളം ടീച്ചർ |
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് അവരുടെ പരിമിതികൾ പരിഹരിക്കുന്നതിന് പ്രത്യേക പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു. | ജൂൺ രണ്ടാമത്തെ ആഴ്ച | |
| മലയാളത്തിളക്കം പോലുള്ള പദ്ധതിയിൽ നൽകിയിട്ടുള്ള പുസ്തകം സി.ഡി.അക്ഷക കാർഡ്, പത്രം ബാലമാസികകൾ, കഥാ പുസ്തകം, ചിത്രം കഥ പറയൽ, വേനൽപച്ച തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ആഴ്ചയിൽ 3 ദിവസങ്ങളിൽ രാവിലെ 8.30 മുതൽ 9.30 വരെയും ഉയർന്ന നിലവാരത്തിലുള്ളവർക്ക് വായനോത്സവം മികച്ച വായനക്കാരൻ വായനക്കുറിപ്പ്, അടിക്കുറിപ്പ് തുടങ്ങിയവയ്ക്ക് അവസരം. | ജൂൺ മൂന്നാമത്ത ആഴ്ച മുതൽ മാർച്ച് വരെ (ആവശ്യമെങ്കിൽ വരും വർഷത്തിലും തുടരാം | |
| എച്ച്.എം. മോണിട്ടറിംഗ് നടത്തുന്നു. | | |
| പോസ്റ്റ് ടെസ്റ്റ് നടത്തുന്നു. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു. | | |

**പ്രവർത്തനത്തിന്റെ പേര് : സ്കൂൾ അസംബ്ലി**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം ദീർഘകാലം**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ മുഴുവൻ പ്രവർത്തനങ്ങളും കുട്ടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകുന്നു. | വർഷം മുഴുവൻ | എച്ച്.എം., ഇംഗ്ലീഷ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ബാലസഭ**
**ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ഇംഗ്ലീഷ് പാഠപുസ്തകത്തിലെ പാഠഭാഗങ്ങളിൽ നിന്നും ചില ഭാഗങ്ങൾ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി ബാലസഭയിൽ അവതരണം. കഥപറച്ചിൽ, ക്ലാസ് ടീച്ചർ, സ്കിറ്റ്, നാടകം, കോൺവർസേഷൻ മുതലായവ | മാസത്തിൽ ഒരു ദിവസം | എച്ച്.എം., ഇംഗ്ലീഷ് ടീച്ചർ, ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**
**ലക്ഷ്യം : ഇംഗ്ലീഷ് ഭാഷാ പഠനം**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ഫെബ്രുവരിയിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. കുട്ടികൾ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ, ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**
**ലക്ഷ്യം : ദീർഘകാലം**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ഇംഗ്ലീഷ് ഡയറി കുട്ടികൾ 3,4 ക്ലാസ്സുകൾ മാത്രം ഉൾപ്പെടുത്തി ഇംഗ്ലീഷിൽ ഡയറി എഴുതി അവതരണം. | ആഴ്ചയിൽ രണ്ടു ദിവസം | ഇംഗ്ലീഷ് ടീച്ചർ, ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപരിപോഷണം ഉപമേഖല : ശാസ്ത്രം**
**ലക്ഷ്യം : ശാസ്ത്രലാബ് നവീകരണം ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുന്നു**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ശാസ്ത്രലാബിലെ വിവിധ ഉപകരണങ്ങൾ തരംതിരിച്ച് ക്രമീകരിക്കുന്നു. ഉപകരണങ്ങളെ പരിചയപ്പെടുന്നു. പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ | ക്ലാസ് അധ്യാപിക, സയൻസ് അധ്യാപിക, സയൻസ് ക്ലബ് |
| ശാസ്ത്ര മൂലകൾ ഒരുക്കൽ, അതിൽ ശേഖരിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേ ണ്ടവ തരംതിരിക്കൽ | ജൂലൈ | |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര യാത്രകൾ**
**ഉപമേഖല - ശാസ്ത്രപഠനം**
**ലക്ഷ്യം : ശാസ്ത്ര പഠനം രസകരമാക്കാം**

| **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടാനും അവയുടെ കുറിപ്പുകൾ, വീഡിയോ പ്രദർശനം, ചാർട്ട് തയ്യാറാക്കൽ, ശേഖരണം എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആവശ്യാനുസരണം | സയൻസ് അധ്യാപിക, സയൻസ് ക്ലബ് |
| ഫീൽഡ് ട്രിപ്പ് പാഠവുമായി ബന്ധപ്പെട്ട് നടത്തുന്നു. ശാസ്ത്ര പഠനം നേരനുഭവങ്ങളിലൂടെ പ്രയോജനപ്പെടുന്നു. | ആവശ്യാനുസരണം | സയൻസ് അധ്യാപിക, സയൻസ് ക്ലബ് |

**പ്രവർത്തനത്തിന്റെ പേര് : നാടിനെ അറിയാം** **ഹ്രസ്വകാലം**
**ഉപമേഖല - സാമൂഹ്യശാസ്ത്രം**
**ലക്ഷ്യം : പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നത്**

| **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|
| സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ അവയുടെ കുറിപ്പുകൾ തയ്യാറാക്കൽ, സാമൂഹ്യശാസ്ത്രമേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | ആവശ്യാനുസരണം | സാമൂഹ്യ ശാസ്ത്ര ക്ലബ് സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക |

**പ്രവർത്തനത്തിന്റെ പേര് : പ്രവർത്തി പരിചയം**
**ഉപമേഖല - അക്കാദമികം**
**ലക്ഷ്യം : പഠനം പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിലൂടെ**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ടും പ്രവൃത്തിപരിചയ മേളകളിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ടിയും കുട്ടികളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ക്ലാസ്സ് തലത്തിൽ പ്രവൃത്തി പരിചയത്തിലേർപ്പെടുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : ഗണിത നിർമ്മാണത്തിലൂടെ**
**ഉപമേഖല - ഗണിത പഠനം**
**ലക്ഷ്യം : ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| ഗണിത പ്രവർത്തന ഫലമായി ക്ലാസ്സ് മുറികളിൽ കുട്ടികൾ രൂപീകരിക്കുന്ന പസിലുകൾ പാറ്റേണുകൾ, മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ, മാഗസിനുകൾ ഇവ നിർമ്മിക്കുന്നു. ഗണിതത്തിൽ താൽപര്യം വളർത്തുന്നതിനായി ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, ഗണിത മാഗസിനുകൾ ഇവയുടെ നിർമ്മാണം. | ഡിസംബർ മുതൽ ജനുവരി വരെ | ഗണിത അദ്ധ്യാപിക |
| ഓരോ ക്ലാസിലും ഗണിത കോർണർ ഗണിത കോർണറിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഗണിത പഠനസാമഗ്രികൾ എന്നിവ ശേഖരിക്കൽ, ഗണിത കോർണർ സജ്ജീകരിക്കൽ | ജനുവരി | |

## ഗണിതം മധുരം

**പ്രവർത്തനത്തിന്റെ പേര്** : ഗണിതം മധ്യകാലം
**ഉപമേഖല** : ഗണിതപഠനം
**ലക്ഷ്യം** : ഗണിത ക്രിയകൾ, സംഖ്യാബോധം എന്നിവയിൽ എല്ലാ കുട്ടികളുടെയും ശേഷി വികസിപ്പിക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ മികവുകളും പരിമിതികളും വിശകലനം ചെയ്തു കണ്ടെത്തുന്നു. ഓരോ കുട്ടിയും ഈ ശേഷികൾ നേടുന്നതിൽ ഏതു നിലവാരത്തിൽ എത്തി നിൽക്കുന്നു. | ജൂൺ ആദ്യ ആഴ്ച | എച്ച്.എം. ഗണിത അദ്ധ്യാപിക |
| ഓരോ വിഭാഗത്തിനും ആവശ്യമായ തരത്തിൽ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | | |
| അബാക്കസ്, സംഖ്യാകാർഡുകൾ, കണക്കിലെ കളികൾ, കുസൃതി കണക്ക്, സംഖ്യാഗാനം, സംഖ്യാകിറ്റുകൾ, ഐ.സി.റ്റി. സാധ്യത ഇവ ഉപയോഗിച്ച് ഗണിതം ആസ്വാദ്യകരമാക്കൽ ആഴ്ചയിൽ ഒരു ദിവസം രാവിലെ 8.45 മുതൽ 9.45 വരെയും തുടർന്ന് ക്ലാസ് തല പ്രവർത്തനങ്ങളുമായും ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ രണ്ടാമത്തെ ആഴ്ച | |

# ഇംഗ്ലീഷ്

**പ്രവർത്തനത്തിന്റെ പേര്** : **ഈസി ഇംഗ്ലീഷ്** **മധ്യകാലം**

**ഉപമേഖല** : **ഇംഗ്ലീഷ് ഭാഷാപഠനം**

**ലക്ഷ്യം** : **എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വയിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കൽ**

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| കുട്ടികളുടെ നിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് ഓരോ കുട്ടിയുടെയും മികവുകൾ, പരിമിതികൾ കണ്ടെത്തുന്നു. | ജൂൺ ആദ്യ ആഴ്ച മുതൽ | എച്ച്.എം. ഇംഗ്ലീഷ് ടീച്ചർ |
| ഓരോ പരിമിതിക്കും യോജിച്ച പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. | ജൂൺ രണ്ടാം ആഴ്ച മുതൽ | |
| ഹലോ ഇംഗ്ലീഷ് പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റോറികൾ പറയുക. ഐസി.റ്റി. സാധ്യതകൾ ഉപയോഗിച്ച് സോംഗ്, സ്റ്റോറി, റൈംസ് ഇവ കേൾപ്പിക്കുക. ഇംഗ്ലീഷിൽ കുട്ടികളുമായി ഇന്ററാക്ഷൻ നടത്തുക. സ്കൂൾ ലൈബ്രറിയിൽ നിന്നും ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ, ചിത്രകഥകൾ ഇവ വായിക്കുക. ഇംഗ്ലീഷ് വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുകയും ചെയ്യുന്നു. ആഴ്ചയിൽ ഒരു ദിവസം രാവിലെ 8.30 മുതൽ 9.30 വരെ. | മാർച്ച് വരെ അടുത്ത വർഷങ്ങളിലും തുടരുന്നു | |

**പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ** **ദീർഘകാലം**
**ഉപമേഖല – സമഗ്ര വികസനം**
**ലക്ഷ്യം : വിവിധ ശേഷികളുടെ വികസനം**

| **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|
| ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | എച്ച്.എം.<br>ഇംഗ്ലീഷ് ടീച്ചർ |

**പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി**
**ഉപമേഖല – അക്കാദമികം**
**ലക്ഷ്യം : പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ**

| **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
|---|---|---|
| സ്കൂളിലെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകുന്നു.<br><br>ഉദാ: ചിത്രം വരയ്ക്കൽ, പാട്ട്, നൃത്തം, പെയിന്റിംഗ്, ഒറിഗാമി | തുടർ പ്രവർത്തനം | ക്ലാസ്സ് ടീച്ചർ |